**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1973** **16-03-2022 - ൽ മറുപടിയ്ക്ക്**

**കണ്ടൽക്കാട്ടുകളുടെയും സസ്യങ്ങളുടെയും സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാവുകൾ, കണ്ടൽക്കാട്ടുകൾ, നദീതീരത്ത് കാണുന്ന സസ്യങ്ങൾ, വംശനാശം സംഭവിച്ചതും ഭീഷണി നേരിടുന്നതുമായ സസ്യങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് വേണ്ടി നടപ്പാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (എ) | 24.12.2016-ലെ സ.ഉ.(സാധാ)നം.485/2016/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഒരു പദ്ധതി നിലവിലുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ജൈവവൈവിദ്ധ്യസംരക്ഷണത്തിന്റെ ഭാഗമായി കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യത അനുസരിച്ച് ജില്ലാ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് എല്ലാവർഷവും ധനസഹായം നല്കി വരുന്നുണ്ട്. കണ്ടൽക്കാട്ടുകളുടെ സംരക്ഷണത്തിന് കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60%CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നു. സ്വകാര്യവ്യക്തികൾക്ക് സ്വകാര്യഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000/-രൂപ നിരക്കിൽ ധനസഹായം നല്കി വരുന്നു. നദീതീരത്ത് കാണുന്ന സസ്യങ്ങൾ, വംശനാശം സംഭവിച്ചതും ഭീഷണി നേരിടുന്നതുമായ സസ്യങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് വേണ്ടി പ്രത്യേകിച്ച് പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് വംശനാശം സംഭവിക്കുന്ന സസ്യങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ